(ബി) ഈ കാര്യത്തിൽ ഗവമ്മെണ്ടിൽനിന്നും നടത്തിയിട്ടുള്ള പ്രാഥമിക അന്വേഷണങ്ങളും നടപടികളും എന്നു മുതലാണ് ഈ പ്രസ്താവം ഈ പ്രസംഗത്തെ കൊച്ചി ഗവമ്മെണ്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതായ പ്രസ്താവനകൊണ്ടു അറിയാവുന്നതാണ്.

(സി) മുൻചോദ്യത്തിന്റെ മറുപടികൊണ്ടു ഇതിനും മറുപടി ആവശ്യമില്ല.

Dispensary at Chennamangalam.

91. മിസ്റ്റർ എ. കുഞ്ഞുമൊയ്തീൻ.—(എ) ചേന്ദമംഗലത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടേണമെന്നു ചേന്ദമംഗലം വില്ലേജ് നിവാസികൾ ഗവമ്മെണ്ടിനോടു അപേക്ഷിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി ഗവമ്മെണ്ടു ദയവായി ആലോചിക്കുമോ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വർഗീസ്.—(എ) ഉവ്വു.

(ബി) ചേന്ദമംഗലത്തിനടുത്തു കൊടുങ്ങല്ലൂർ ഒരു ഡിസ്പെൻസറി ഉള്ള സ്ഥിതിക്കു ചേന്ദമംഗലത്തു പ്രത്യേകം ഒരു ഡിസ്പെൻസറിക്കു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ.—ചേന്ദമംഗലം വില്ലേജിൽനിന്നു കൊടുങ്ങല്ലൂക്കു എത്ര നാഴിക അകലമുണ്ടു?

മിസ്റ്റർ. എ. കെ. വെങ്കു അയ്യർ.—കവിഞ്ഞാൽ നാലു നാഴിക ഉണ്ടാകുമായിരിക്കാം.

മിസ്റ്റർ. എ. കുഞ്ഞുമൊയ്തീൻ.—ഇതിനിടയ്ക്കു പുഴകടവല്ലതും ഉണ്ടോ?

മിസ്റ്റർ. എ. കെ. വെങ്കു അയ്യർ.—ചേന്ദമംഗലത്തിന്റെ നാലുപുറവും പുഴകടം തന്നെയാണു.

Widening of the Arappu Thodu.

92. മിസ്റ്റർ എ. കുഞ്ഞുമൊയ്തീൻ.—(എ) ജനങ്ങൾക്കു ജീവാപായംകൂടാതെ യാത്രചെയ്യാനും സുരക്ഷിതമായി കച്ചവടച്ചരക്കുകൾ കയറ്റിഅയക്കുവാനും അതിനാപേക്ഷിതമായിരിക്കുന്ന ബ്ലാങ്ങാച്ചാലിതോടു അറപ്പുതോടു മുതലായവ വീതിയിലും ആഴത്തിലും ഉടനടി വെട്ടിത്തെളിയിക്കുവാൻ ഗവമ്മെണ്ടു വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ എന്നു ദയവു വിചാരിച്ചു പറയാമോ?

(ബി) ഉണ്ടെങ്കിൽ അതുസംബന്ധമായ കടലാസ്സുകൾ മേശപ്പുറത്തു വെക്കുവാൻ കനിവുണ്ടാകുമോ?

റാവു ബഹദൂർ മിസ്റ്റർ ജോണകുട്ടി.—(എ) ഉവ്വു. കാര്യം അന്വേഷണത്തിൽ ഇരിക്കുന്നു. ഈ ആവശ്യത്തിലേക്കു ഫിനാൻസ് ബഡ്ജറ്റിൽ 5,000 രൂപ കണ്ടിട്ടുണ്ടു.

(ബി) അന്വേഷണം പൂർത്തിയാവാത്തകാര്യത്തിൽ അതുസംബന്ധമായ കടലാസ്സുകൾ മെശപ്പുറത്തു വെക്കേണ്ട ആവശ്യം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly